# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2782

17.06.2019-ലെ മറുപടി

### തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ ഉദയംപേരൂരിൽ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | കെ.കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ ഉദയം പേരൂരിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി തയ്യാറാക്കിയ കുടിവെള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ; | (എ) & (ബി) | പുത്തൻ കുരിശിലെ ചൂണ്ടിയിലുള്ള 46 എം.എൽ.ഡി ജല ശുദ്ധീകരണ ശാലയിൽ നിന്നും കരിങ്ങാച്ചിറയിലുള്ള സമ്പിൽ ശേഖരിക്കുന്ന വെള്ളം, അവിടെ നിന്ന് 450 എം.എം. DI K9 പൈപ്പിലൂടെ 5399 മീ. പമ്പ് ചെയ്ത് കണ്ടനാട് ഭാഗത്തേക്കും 450 എംഎം DI K9 2323 മീറ്റർ പൈപ്പിലൂടെ ഗവൺമെന്റ് ഫിഷറീസ് ഹോസ്പിറ്റൽ കോമ്പൗണ്ടിൽ 16.75 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി വഴി ഉദയംപേരൂർ പ്രദേശത്തേക്കും കുടിവെള്ള വിതരണം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിക്ക് വാട്ടർ കണക്ഷൻ നല്കുന്ന ചെലവുകൾ ഉൾപ്പെടെ ഏകദേശം 32.20 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി ഭാവിയിൽ 58749 ആളുകൾക്ക് ഉപയോഗപ്രദമാകുന്ന താണ് എന്ന് കണക്കാക്കുന്നു. മേൽ പദ്ധതി RKI (റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്) യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ? | | |

Renuka Sankar

**സെക്ഷൻ ഓഫീസർ**